(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വേണ്ട നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇവർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ;

(ഇ) ഈ ആനുകൂല്യങ്ങൾ നൽകാതിരിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) അംഗീകാരമുള്ള അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ 30-9-1999-ലെ ജി. ഒ. (എം. എസ്.) നം. 244/99/പൊ.വി.വ. പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇപ്രകാരമുള്ള പരാതികൾ ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വക സ്കൂളുകളിലെ നിയമനവും താൽക്കാലിക അദ്ധ്യാപകരെ സ്ഥിരപ്പെടുത്തലും

77 [2386] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊണ്ടുള്ള നയപരമായ തീരുമാനം എന്നാണ് പുറപ്പെടുവിച്ചത്;

(ബി) ഇതിനനുസൃതമായി കെ. ഇ. ആറിൽ ഭേദഗതി വരുത്തിയത് ഏത് വർഷമാണ്;

(സി) ഈ കാലഘട്ടത്തിനിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിക്കപ്പെട്ടവർക്ക് കെ. ഇ. ആറിലെ 51 എ അവകാശം കൊടുത്തിരുന്നോ;

(ഡി) ഇങ്ങനെ തുടരുന്നവരെ സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6-10-1995-ലെ സർക്കാർ ഉത്തരവ് നം. 218/95/ത.ഭ.വ. പ്രകാരമാണ് പഞ്ചായത്ത് സ്കൂളുകളിലെ നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊടുത്തത്.

(ബി) 3-4-2000-ലെ സർക്കാർ ഉത്തരവ് 110/2000 പ്രകാരം കെ.ഇ.ആറിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഇവരുടേത് സ്ഥിര നിയമനമായിരുന്നില്ല. 6/10/1995-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 218/95/ത.ഭ.വ. പ്രകാരം ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമായിരിക്കണമെന്നും, തികച്ചും താൽക്കാലികമായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. അതിനാൽ ഇവരെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല.

മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജനം

78 [2387] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസ് വിഭജിക്കണമെന്ന നിർദ്ദേശവും ബന്ധപ്പെട്ട കാര്യങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറുമായി ചർച്ച ചെയ്ത് പരിശോധിച്ചു വരികയാണ്. തീരുമാനമായിട്ടില്ല.

സ്കൂളുകളുടെ പ്രവർത്തനം

79 [2388] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഗവൺമെന്റ് ഹൈസ്കൂളുകൾ പുതുതായി തുടങ്ങി; അവ ഏതെല്ലാം;

(ബി) നിലവിലുള്ള എത്ര സർക്കാർ സ്കൂളുകൾ ഈ കാലയളവിൽ ഹൈസ്കൂളുകളായി ഉയർത്തി; അവ ഏതെല്ലാം;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ യു. പി., എൽ. പി. സ്കൂളുകൾ ആരംഭിച്ചു; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ എത്ര എയിഡഡ് സ്കൂളുകൾ നിറുത്തലാക്കിയെന്നും അവ ഏതെല്ലാം വിഭാഗങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(ഇ) ഈ കാലയളവിൽ എത്ര അൺ എയിഡഡ് സ്കൂളുകൾ സംസ്ഥാനത്ത് ആരംഭിച്ചു എന്നും അവ ഏതെല്ലാമാണെന്നും കാണിക്കുന്ന പട്ടിക ലഭ്യമാക്കുമോ;

(എഫ്) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ മേഖലയിലുള്ള എത്ര ഹൈസ്കൂളുകൾ നിറുത്തലാക്കി; യു. പി., എൽ. പി. വിഭാഗത്തിൽ എത്ര സർക്കാർ സ്കൂളുകൾ വീതം നിർത്തലാക്കി; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly